# INDIAN SCHOOL AL WADI AL KABIR

## MID TERM EXAMINATION 2022- 23

## CLASS X, MALAYALAM

## മലയാളം

**Time Allowed: 3 Hours** **Maximum Marks: 80**

അനുവദിച്ച സമയം : **3** മണിക്കൂർ ആകെ മാർക്ക് : **80**

**Date: 29-09-2022**

---

- Please check that this question paper contains 9 printed pages.
- Please check that this question paper contains 8 questions.
- This question paper is divided into **two** sections: Section A - Reading Comprehension, Vocabulary Building & M.C.Q – 40 Marks
  Section B - Grammar, Composition, Literature (Prose, Poetry & Non-detailed) - 40 Marks.
- **Please write down the Serial Number of the question before attempting it.**

---

## SECTION – A / എ വിഭാഗം

**1. താഴെ കൊടുത്തിരിക്കുന്ന ഖണ്ഡികകൾ വായിച്ച് ചുവടെയുള്ള ചോദ്യങ്ങളിൽ ഏതെങ്കിലും എട്ടെണ്ണത്തിനു മാത്രം ശരിയുത്തരം എടുത്തെഴുതുക.**

**( ഓരോന്നിനും 1 മാർക്ക് വീതം )** **(8x1=8)**

ജനനം മുതൽ മരണം വരെ അനുസ്യൂതം തുടർന്ന് കൊണ്ടിരിക്കുന്ന പ്രക്രിയയാണ് വിദ്യാഭ്യാസം. വിദ്യാലയങ്ങളിലോ കലാശാലകളിലോ പോയി പഠിക്കുന്നതാണ് പൊതു വിദ്യാഭ്യാസമായി കണക്കാക്കുന്നത്. എന്നാൽ ആജീവനാന്തം തുടരുന്ന വിദ്യാഭ്യാസ പ്രക്രിയയിൽ ബഹുജന മാധ്യമങ്ങൾക്ക് നല്ലൊരു പങ്കുണ്ട്. പത്രങ്ങൾ, ആനുകാലിക പ്രസിദ്ധീകരണങ്ങൾ, റേഡിയോ, ചലച്ചിത്രം, ടെലിവിഷൻ തുടങ്ങിയവയാണ് പ്രധാനപ്പെട്ട ബഹുജന മാധ്യമങ്ങൾ. ഗുരുകുലവിദ്യാഭ്യാസം പ്രചരിച്ചിരുന്നപ്പോൾ ഗുരുമുഖത്തുനിന്ന് നേരിട്ട് വിദ്യ അഭ്യസിച്ച് ഹൃദിസ്ഥമാക്കുകയായിരുന്നു പതിവ്. എന്നാൽ അച്ചടിയുടെ പ്രചാരത്തോടെ കാര്യങ്ങൾ വായിച്ചു ഗ്രഹിക്കാനും അവ സൂക്ഷിച്ചുവയ്ക്കാനും സൗകര്യമുണ്ടായി. വാർത്താവിതരണരംഗത്ത് റേഡിയോയുടെ കണ്ടുപിടുത്തം

ഒരു വിപ്ലവം തന്നെ സൃഷ്ടിച്ചു. ലോകത്ത് ഏതു കോണിൽ നടക്കുന്ന സംഭവങ്ങളും നിമിഷങ്ങൾക്കകം എല്ലായിടത്തും എത്തിക്കാൻ റേഡിയോയ്ക്കു കഴിയുന്നു. ഒരേസമയം പലയിടങ്ങളിലുള്ള വളരെയധികം ആളുകൾക്ക് വിജ്ഞാനം പകർന്നുകൊടുക്കുവാൻ റേഡിയോയ്ക്കു കഴിയും.

വിദ്യാഭ്യാസരംഗത്ത് ഏറ്റവും കൂടുതൽ സ്വാധീനം ചെലുത്താൻ കഴിവുള്ള മാധ്യമമാണ് ടെലിവിഷൻ. റേഡിയോയുടെയും ചലച്ചിത്രത്തിന്റെയും പ്രയോജനം ഒരേ സമയം ലഭ്യമാക്കുവാൻ ടെലിവിഷന് കഴിയും. ഒരേ സമയം എത്ര ആളുകളെ വേണമെങ്കിലും പഠനത്തിൽ പങ്കാളിയാക്കാനുള്ള കഴിവ് ടി.വിയ്ക്കുണ്ട്. വിവരങ്ങൾ ശേഖരിച്ചു വയ്ക്കുന്നതിനും ആവശ്യാനുസരണം ഉപയോഗപ്പെടുത്തു ന്നതിനുമുള്ള സൗകര്യങ്ങൾ ഇന്ന് കമ്പ്യൂട്ടറിലൂടെ ലഭ്യമാണ്. കൃത്യത പാലിക്കുമെന്ന ഒരു സവിശേഷത കൂടി കമ്പ്യൂട്ടറുകൾക്കുണ്ട്. ദൃശ്യശ്രാവ്യമാധ്യമങ്ങൾ വിജ്ഞാന സമ്പാദനത്തെ ശ്രമകരമല്ലാത്തതാക്കി തീർത്തിരിക്കുന്നു. ഒരേ സമയം അവ വളരെയധികം ആളുകൾക്ക് പ്രയോജനപ്രദമായിത്തീരുകയും ചെയ്യുന്നു. വിജ്ഞാനം ശേഖരിച്ചുവച്ച് ആവശ്യാനുസരണം പ്രയോജനപ്പെടുത്താൻ സാധിക്കുന്നു. അങ്ങനെ വിദ്യാഭ്യാസ രംഗത്ത് ബഹുജനമാധ്യമങ്ങൾക്ക് സുപ്രധാന പങ്കാണ് ഉള്ളത് എന്നു കാണാം.

(a) പൊതു വിദ്യാഭ്യാസമായി കണക്കാക്കുന്നത് എന്ത്?

(പ്രാഥമിക വിദ്യാഭ്യാസം നേടുന്നത്, വിദ്യാലയങ്ങളിലോ കലാശാലകളിലോ പഠിക്കുന്നത്, ഗുരുകുല വിദ്യാഭ്യാസം നേടുന്നത്, വിദേശങ്ങളിൽ പോയി പഠിക്കുന്നത്)

(b) ആജീവനാന്തം തുടരുന്ന വിദ്യാഭ്യാസ പ്രക്രിയയിൽ നല്ലൊരു പങ്ക് വഹിക്കുന്നത് എന്താണ്?

(ബഹുജനങ്ങൾ, ഭരണകൂടം, ബഹുജനമാധ്യമങ്ങൾ, രാഷ്ട്രീയനേതൃത്വം)

(c) താഴെ തന്നിരിക്കുന്നവയിൽ ബഹുജനമാധ്യമം അല്ലാത്തത് ഏത്?

(പത്രങ്ങൾ, റേഡിയോ, ചലച്ചിത്രം, താളിയോലകൾ)

(d) 'അറിവ്' എന്ന പദത്തിന് പകരമായി ഖണ്ഡികയിൽ ഉപയോഗിച്ചിരിക്കുന്ന വാക്ക് ഏതാണ്?

(വിജ്ഞാനം, സ്വാധീനം, വിപ്ലവം, പ്രയോജനം)

(e) ലോകത്ത് ഏതു കോണിൽ നടക്കുന്ന സംഭവങ്ങളും നിമിഷങ്ങൾക്കകം എല്ലായിടത്തും എത്തിക്കാൻ കഴിയുന്ന മാധ്യമം ഏത്?

(പത്രങ്ങൾ, റേഡിയോ, മാസികകൾ, വാരികകൾ)

(f) കാര്യങ്ങൾ വായിച്ചു ഗ്രഹിക്കാനും സൂക്ഷിച്ചു വയ്ക്കാനും സൗകര്യമുണ്ടായത് എപ്പോൾ?

(വാർത്താവിതരണത്തിലൂടെ, അച്ചടിയുടെ പ്രചാരത്തോടെ, ചക്രത്തിന്റെ കണ്ടുപിടിത്തത്തോടെ, വിജ്ഞാന സമ്പാദനത്തിലൂടെ)

(g) വിദ്യാഭാസരംഗത്ത് ഏറ്റവും കൂടുതൽ സ്വാധീനം ചെലുത്താൻ കഴിവുള്ള മാധ്യമമേത്?

(വർത്തമാനപ്പത്രം, ഇന്റർനെറ്റ്, ടെലിവിഷൻ, ആനുകാലികങ്ങൾ)

(h) വിവരങ്ങൾ ശേഖരിച്ചു വയ്ക്കാനും ആവശ്യാനുസരണം ഉപയോഗപ്പെടുത്താനും സൗകര്യമുള്ളത് ഏത് മാധ്യമത്തിലാണ്?

(കമ്പ്യൂട്ടർ, റേഡിയോ, ചലച്ചിത്രം, ടെലിവിഷൻ)

(i) കമ്പ്യൂട്ടറുകളുടെ സവിശേഷതയായി കണക്കാക്കപ്പെടുന്നത് എന്ത്?

(വേഗത, കൃത്യത, സൂക്ഷ്മത, സമഗ്രത)

(j) വിജ്ഞാനസമ്പാദനത്തെ ശ്രമകരമല്ലാത്തതാക്കി തീർത്തിരിക്കുന്നത് എന്ത്?

(ചെപ്പേടുകൾ, അച്ചടിമാധ്യമങ്ങൾ, ദൃശ്യശ്രാവ്യമാധ്യമങ്ങൾ, പത്രമാധ്യമങ്ങൾ)

(k) 'മനഃപാഠമാക്കുക' എന്ന അർത്ഥത്തിൽ ഖണ്ഡികയിൽ ഉപയോഗിച്ചിരിക്കുന്ന വാക്ക് ഏത്?

(ഹൃദിസ്ഥമാക്കുക, ശ്രമകരമല്ലാതാക്കുക, പകർന്നുകൊടുക്കുക, ശേഖരിച്ചുവയ്ക്കുക)

**2. ഏതെങ്കിലും എട്ടെണ്ണത്തിന് ശരിയുത്തരങ്ങൾ തിരഞ്ഞെടുത്തെഴുതുക. (8x1=8)**

(a) 'ദീർഘം' എന്ന വാക്കിന്റെ വിപരീതപദം ഏത്?

(സജീവം, ഹ്രസ്വം, രഹിതം, ദുർഘടം)

(b) 'മഞ്ഞ്' എന്ന പദത്തിന്റെ ശരിയായ പര്യായപദം ഏത്?

(ആലയം, സദനം, വാക്ക്, ഹിമം)

(c) 'ദേഹം' എന്നർത്ഥം വരാത്ത പദം ഏത്?

(ശരീരം, തനു, വിശ്വം, മേനി)

(d) ‘കടം’ എന്നതിന്റെ നാനാർത്ഥപദം ഏത്?

(വായ്പ, അത്ഭുതം, പടം, കുടം)

(e) ‘കുതിര’ എന്ന പദത്തിന്റെ പര്യായപദം അല്ലാത്തത് ഏത്?

(അശ്വം, വാജി, തുരഗം, പതി)

(f) ‘പ്രമാണം-പ്രണാമം’ എന്നീ പദങ്ങളുടെ അർത്ഥവ്യത്യാസം എന്ത്?

(മാറ്റം-അളവ്, നിയമം-നമസ്കാരം, വില-രീതി, നന്ദി-പ്രാർത്ഥന)

(g) ‘ക്ഷയം’ എന്നതിന്റെ നാനാർത്ഥപദം അല്ലാത്തത് ഏത്?

(നാശം, സമ്പത്ത്, ഒരു രോഗം, കുറവ്)

(h) തന്നിരിക്കുന്നവയിൽ ശരിയായ പദം ഏതാണെന്ന് കണ്ടെത്തി എഴുതുക

(വിക്നം, വിഗ്നം, വിഘ്നം, വിഖ്നം)

(i) ‘ഭവാൻ’ എന്ന പദത്തിന്റെ എതിർലിംഗം എന്ത്?

(ഭഗവതി, ഭവാനി, ഭവ, ഭവതി)

(j) ‘സുഖോദയം’ എന്നതിന്റെ ശരിയായ വിഗ്രഹരൂപം ഏത്?

(സുഖമായ ഉദയം, സുഖവും ഉദയവും, സുഖത്തിന്റെ ഉദയം, സുഖം എന്ന ഉദയം)

**3. ഏതെങ്കിലും നാലെണ്ണത്തിന് മാത്രം ബ്രാക്കറ്റിൽ നിന്ന് ശരിയുത്തരങ്ങൾ തിരഞ്ഞെടുത്തെഴുതുക. (ഓരോന്നിനും 1 മാർക്ക് വീതം) (4x2=8)**

(a) “നിന്നോളമില്ല മറ്റാർക്കുമെന്നുള്ളതും”

(i) എന്താണ് ഇല്ലാത്തത്?

(വാത്സല്യം, അഭിമാനം, ക്രോധം, ധനധാന്യാദികൾ)

(ii) ‘നീ’ എന്നതുകൊണ്ട് ഉദ്ദേശിക്കുന്നത് ആരെ?

(വെള്ളായിയപ്പനെ, ലക്ഷ്മണനെ, നളിനിയെ, ദിവാകരനെ)

(b) ‘’നന്നല്ല ദേഹം നിമിത്തം മഹാമോഹം”

(i) ആരാണ് ഇങ്ങനെ പറയുന്നത്?

(പാറാവുകാരൻ, കുതിരവണ്ടിക്കാർ, ദിവാകരൻ, ശ്രീരാമൻ)

(ii) നന്നല്ല എന്ന് സമർത്ഥിക്കാൻ കവി പറയുന്ന കാരണങ്ങളിൽ ഉൾപ്പെടാത്തത് ഏത്?

(ജന്തുക്കൾ ഭക്ഷിച്ചു പോകാം, വെള്ളത്തിൽ അലിഞ്ഞു ചേരാം, വെന്തു വെണ്ണീറായ് മാറാം, മണ്ണിനു കീഴിൽ കൃമികളായിത്തീരാം)

(c) 'ദൃഷ്ടനായിഹ ഭവാൻ'

(i) എവിടെയാണ് ദൃഷ്ടനായത്?

(വിന്ധ്യാചലത്തിൽ, ഹിമാലയത്തിൽ, ഭവനത്തിൽ, താമരപ്പൊയ്കയിൽ)

(ii) ഏത് രൂപത്തിലാണ് കാണപ്പെട്ടത്?

(കഷ്ടകാലം എത്തിയത് പോലെ, കരഞ്ഞു കലങ്ങിയ കണ്ണുകളോടെ, വർദ്ധിച്ച ശോഭയോടെ, ഭാഗ്യം രൂപമെടുത്തു വന്നതു പോലെ)

(d) ''പണ്ടു നിന്നെയൊരിളം കുരുന്നതായ് കണ്ടു ഞാൻ, സപദി വല്ലിയായി നീ''

(i) ഏത് കൃതിയിലുള്ളതാണ് ഈ വരികൾ?

(കരുണ, പ്രരോദനം, നളിനി, വീണപൂവ്)

(ii) 'വല്ലി' എന്നു വിശേഷിപ്പിച്ചതിലെ പരോക്ഷ സൂചനയെന്ത്?

(പക്വത എത്താത്തവൾ, തനിയെ നിൽക്കാൻ കഴിയാത്തവൾ, തടിച്ച ശരീര പ്രകൃതിയുള്ളവൾ, ദയയുള്ളവൾ)

(e) ''കാരണവരേ, കട്ടാൽ മതി, ജയിലിലെത്തിച്ചേരാം''

(i) ആരാണ് ഇങ്ങനെ പറഞ്ഞത്?

(പാറാവുകാരൻ, തോട്ടികൾ, കുതിരവണ്ടിക്കാർ, കച്ചവടക്കാർ)

(ii) ഈ വാക്കുകളിൽ നിഴലിക്കുന്ന ഭാവമെന്ത്?

(നിസ്സഹായത, പരിഹാസം, പരിഭവം, കോപം)

(f) "ആ ഹൃദായോന്നതിക്കു മുമ്പിൽ, ആ ആഭിജാത്യത്തിനു മുമ്പിൽ ഒരിറ്റു കണ്ണുനീർ  തൂകാതിരിപ്പാൻ ആർക്കു കഴിയും?"

(i) ആരെ കുറിച്ചാണ് ഇങ്ങനെ പറയുന്നത്?

(ലക്ഷ്മണനെ, ഭീമനെ, ദുര്യോധനനെ, അശ്വത്ഥാമാവിനെ)

(ii) ആരുടെ വാക്കുകളാണിവ?

(ഭീഷ്മരുടെ, കൃപരുടെ, ഒ.വി.വിജയന്റെ, കുട്ടികൃഷ്ണമാരാരുടെ)

**4. ഏതെങ്കിലും നാലെണ്ണത്തിന് മാത്രം ബ്രാക്കറ്റിൽ നിന്ന് ശരിയുത്തരങ്ങൾ തിരഞ്ഞെടുത്തെഴുതുക. (ഓരോന്നിനും 1 മാർക്ക് വീതം) (4x4=16)**

(a) "വെള്ളായി ഈ യാത്രയിൽ അതിനെക്കുറിച്ച് ഓർക്കരുത്."

(i) ഏതിനെക്കുറിച്ച്?

(കണ്ടുണ്ണിയുടെ മരണത്തെക്കുറിച്ച്, അലക്കിത്തേച്ച തുണിയെക്കുറിച്ച്, വീട്ടാനുള്ള  കടത്തെക്കുറിച്ച്,  കോടച്ചിയുടെ വിഷമത്തെക്കുറിച്ച്)

(ii) ആരുടെ വാക്കുകളാണിവ?

(നീലിമണ്ണാത്തിയുടെ, പാഴുതറയിലുള്ളവരുടെ, കുട്ട്യസ്സൻ മാപ്പിളയുടെ, അപരിചിതന്റെ)

(iii) ഈ സംഭാഷണഭാഗം ഉൾപ്പെടുന്ന കൃതി ഏത് സാഹിത്യശാഖയിൽപ്പെടുന്നു?

(നാടകം, നോവൽ, ചെറുകഥ, യാത്രാവിവരണം.)

(iv) ഒ.വി. വിജയന്റെ കൃതിയേത്?

(സ്മാരകശിലകൾ, ഖസാക്കിന്റെ ഇതിഹാസം, മരുന്നുകൾ, കാലം)

(b) “എന്നാൽ എനിക്കിതു പൊറുക്കാൻ വയ്യ. ആ പാപിയായ ദ്രൗണിയെ ഇന്നു ചെന്നു കൊന്നില്ലെങ്കിൽ, ഞാനിവിടെ പ്രായോപവേശം കൊള്ളുകയാണ്.”

(i) എന്താണ് പൊറുക്കാൻ വയ്യാത്തത്?

(അശ്വത്ഥാമാവ് പാളയത്തിൽ കടന്ന് പാണ്ഡവപക്ഷത്തുള്ളവരെ വധിച്ചത്, ഭീമൻ ദുര്യോധനനെ തുടയ്ക്കടിച്ചു വീഴ്ത്തിയത് , അശ്വത്ഥാമാവ് ബ്രഹ്മാസ്ത്രം പ്രയോഗിച്ചത്, ശ്രീകൃഷ്ണൻ  ഓഘവതീതീരത്ത്  പോയത്)

(ii) ദ്രൗണി ആരാണ്?

(ദ്രൗപദിയുടെ പുത്രൻ, ദ്രോണരുടെ പുത്രൻ, ദുര്യോധനന്റെ പുത്രി, അർജ്ജുനന്റെ പുത്രൻ)

(iii) ഈ വാക്കുകൾ കേട്ടയുടനെ ആരാണ് ഇറങ്ങിപ്പുറപ്പെട്ടത്?

(യുധിഷ്ഠിരൻ, ദുശ്ശാസനൻ, ഭീമൻ, അർജ്ജുനൻ)

(iv) ‘പ്രായോപവേശം കൊള്ളുക’ എന്നാൽ എന്ത്?

(ദർഭപ്പുല്ലിൽ കിടന്ന് മരണം വരെ നിരാഹാരം അനുഷ്ഠിക്കുക, യുദ്ധത്തിനു  തയ്യാറാവുക, വീടുവിട്ടിറങ്ങുക, മൗനവ്രതം ആചരിക്കുക)

(c) “തവ ജ്ഞാനമില്ലായ്കെന്നറിക നീ ലക്ഷ്മണ!“

(i) ജ്ഞാനമില്ലായ്ക കൊണ്ട് ലക്ഷ്മണൻ എന്താണ് മനസ്സിൽ നിരൂപിച്ചത്?

(ഭോഗങ്ങൾ തേടാൻ, ലോകം ദഹിപ്പിക്കാൻ, ഭക്ഷണത്തിന് അപേക്ഷിക്കാൻ, രാജ്യം ഭരിക്കാൻ)

(ii) ദോഷങ്ങളൊക്കെ എങ്ങനെയാണ് വന്നുഭവിക്കുന്നത്?

(ദേഹാഭിമാനം നിമിത്തമുള്ള രോഷത്താൽ, ശരീരം പരിണാമവിധേയം ആയതിനാൽ, വികാരം ഉണ്ടാകുന്നതിനാൽ, ലോകം പഞ്ചഭൂതക നിർമ്മിതമായതിനാൽ)

(iii) 'ദേഹോഹമെന്നുള്ള ബുദ്ധി' മനുഷ്യർക്ക് ആരാണ് നൽകുന്നത്?

(ദേഹാഭിമാനം, മോഹമാതാവ്, പഞ്ചഭൂതങ്ങൾ, മാനസതാര്)

(iv) വിദ്യയെ ആരായിട്ടാണ് കവി വിശേഷിപ്പിക്കുന്നത്?

(സംസാരകാരിണി, സംസാരനാശിനി, ക്രോധകാരിണി, മോക്ഷദായിനി)

(d) "ഭോഗങ്ങളെല്ലാം ക്ഷണപ്രഭാചഞ്ചലം വേഗേന നഷ്ടമാമായുസ്സുമോർക്ക നീ"

(i) 'ക്ഷണപ്രഭ' എന്നതിന്റെ അർത്ഥമെന്ത്?

(കാറ്റ്, അഗ്നി, മിന്നൽ, പ്രളയം)

(ii) ആരോടാണ് ഇങ്ങനെ പറയുന്നത്?

(ലക്ഷ്മണനോട്, ശ്രീരാമനോട്, അശ്വാത്ഥാമാവിനോട്, ദ്രുപദനോട്)

(iii) പ്രാചീന കവിത്രയത്തിൽ ഉൾപ്പെടാത്ത കവി ആര്?

(എഴുത്തച്ഛൻ, കുമാരനാശാൻ, ചെറുശ്ശേരി, കുഞ്ചൻനമ്പ്യാർ)

(iv) എഴുത്തച്ഛന്റെ കൃതിയേത്?

(നളചരിതം, കുചേലവൃത്തം, അധ്യാത്മരാമായണം കിളിപ്പാട്ട്, മഹാഭാരതം)

(e) ''ധീരനായ യതി നോക്കി തന്വി തൻ ഭൂരിബാഷ്പപരിപാടലം മുഖം"

(i) 'ധീരനായ യതി' ആരാണ്?

(വ്യാസൻ, കൃപർ, ദിവാകരൻ, യുധിഷ്ഠിരൻ)

(ii) 'തന്വി' എന്നതുകൊണ്ട് ആരെയാണ് ഉദ്ദേശിക്കുന്നത്?

(പാഞ്ചാലിയെ, ദുശ്ശളയെ, സീതയെ, നളിനിയെ)

(iii) 'പനിനീർസുമോപമം'എന്ന് വിശേഷിപ്പിച്ചിരിക്കുന്നത് എന്തിനെയാണ്?

(ദിവാകരന്റെ കണ്ണുകളെ, നളിനിയുടെ മുഖത്തെ, ശ്രീകൃഷ്ണന്റെ പാദങ്ങളെ, ദ്രൗപദിയുടെ കൈകളെ)

(iv) 'ഭാവശാലികൾ പിരിഞ്ഞു കൂടിയാൽ' സുഖോദയം എങ്ങനെയുള്ളതായിരിക്കും?

(അവികലം, സൗമ്യം, വികലം, സുന്ദരം)

## SECTION – B / ബി വിഭാഗം

**5. (a) പ്രയോഗം മാറ്റുക.** **(2x1=2)**

(i) ജയിലിന്റെ പടിക്കൽ പാറാവുകാരൻ വെള്ളായിപ്പനെ തടഞ്ഞു.

(ii) ദ്രൗണി അയാളെ ചവിട്ടിയുണർത്തി.

**(b) അംഗവാക്യം അംഗിവാക്യം എന്നിവ വേർതിരിച്ചെഴുതുക.** **(2x1=2)**

(i) എന്നാലും ഭവാൻ പറഞ്ഞതുകൊണ്ട് ഞാനതു കൊടുത്തേക്കാം.

(ii) പുലർച്ചയ്ക്കു മുമ്പ് കൊമ്പുവിളികൾ മുഴങ്ങുന്നത് വെള്ളായിയപ്പൻ കേട്ടു.

**(c) വാക്യത്തിൽ തെറ്റുണ്ടെങ്കിൽ തിരുത്തുക.** **(2x1=2)**

(i) പിന്നിൽ നിലവിളി അകന്നു ശമിച്ചടങ്ങി.

(ii) കടിച്ചുവലിക്കാൻ തിടുക്കത്തോടെ വെമ്പുന്ന കുറുക്കന്മാർ വന്നു ചൂഴ്ന്നിരിക്കുന്നു.

**(d) അർഥം മാറാതെ വിധിവാക്യത്തെ നിഷേധവാക്യമാക്കി മാറ്റുക.** **(2x1=2)**

(i) മേധാവികൾ കടലാസ് പരിശോധിക്കുന്നു.

(ii) എല്ലാവരും ആ കൊലക്കളത്തിലെത്തി.

**(e) ഏതെങ്കിലും രണ്ടെണ്ണം, ആശയം വ്യക്തമാകും വിധം വാക്യത്തിൽ പ്രയോഗിക്കുക.** **(2x1=2)**

(i) പ്രീണിപ്പിക്കുക

(ii) പിന്തിരിയുക

(iii) ശ്വാസംമുട്ടുക

**6. ഒന്നരപ്പുറത്തിൽ കവിയാതെ ഉത്തരമെഴുതുക. (ഓരോന്നിനും 5 മാർക്ക് വീതം)**

(a) ഏതെങ്കിലും ഒരു വിഷയത്തെക്കുറിച്ച് ഉപന്യസിക്കുക. **(5)**

(i) വൃദ്ധജനങ്ങളെ സംരക്ഷിക്കേണ്ടതിന്റെ ആവശ്യകത

(ii) വായനയുടെ പ്രാധാന്യം

(b) വാട്ടർബിൽ അധികമായി വരുന്നു എന്ന് ചൂണ്ടിക്കാട്ടി ജലവിഭവ വകുപ്പ് എക്സിക്യൂട്ടീവ് എഞ്ചിനീയർക്ക് ഒരു പരാതിക്കത്ത് തയ്യാറാക്കുക **(5)**

(c) താമസിക്കാൻ വീടില്ലാതെ തെരുവിൽ അലഞ്ഞു നടന്നിരുന്ന വൃദ്ധദമ്പതികൾക്ക് കോളേജ് വിദ്യാർത്ഥികൾ വീട് നിർമ്മിച്ചു നൽകി. കുട്ടികൾ പിരിവെടുത്ത് നിർമ്മിച്ച വീടിന്റെ താക്കോൽദാനം സ്ഥലം എം.എൽ.എ കൂടിയായ മന്ത്രി നിർവഹിച്ചു. ചടങ്ങിൽ സംബന്ധിച്ച ജനപ്രതിനിധികളും അധ്യാപകരും കുട്ടികളുടെ മാതൃകാപരമായ പ്രവർത്തനങ്ങളെ അഭിനന്ദിച്ചു. ഈ വിഷയങ്ങൾ ഉൾക്കൊള്ളിച്ച് ഒരു പത്രവാർത്ത തയ്യാറാക്കുക **(5)**

**7. താഴെക്കൊടുത്തിരിക്കുന്ന ചോദ്യങ്ങൾക്ക് നിർദ്ദേശമനുസരിച്ച് ഉത്തരമെഴുതുക. (ഓരോന്നിനും 3 മാർക്ക് വീതം)**

(a) ഏതെങ്കിലും **ഒരു** ചോദ്യത്തിനു മാത്രം ഉത്തരം എഴുതുക. **(1x3=3)**

(i) 'ഭാരതമാകട്ടെ നടന്ന കഥമാത്രമല്ല നടക്കാനിരിക്കുന്ന കഥ കൂടിയാണ്" എന്ന് കുട്ടികൃഷ്ണമാരാർ സമർത്ഥിക്കുന്നത് എങ്ങനെ?

(ii) "രണ്ടു വാക്കുകൾ മാത്രം. വാക്കുകൾക്കിടയ്ക്ക് സാന്ത്വനത്തിന്റെ നിറവ്." സംബോധനകൾക്കിടയിലെ മൗനവും അപൂർണ്ണവാക്യങ്ങളും 'കടൽത്തീരത്ത്" എന്ന കഥയെ ഭാവസാന്ദ്രവും കാവ്യാത്മകവുമാക്കുന്നത് എങ്ങനെ എന്ന് പരിശോധിക്കുക

(b) ഏതെങ്കിലും **രണ്ട്** ചോദ്യങ്ങൾക്ക് മാത്രം ഉത്തരമെഴുതുക. **(2x3=6)**

(i) "അന്യജീവനുതകി സ്വജീവിതം ധന്യമാക്കുമമലേ വിവേകികൾ" വിശദീകരിക്കുക

(ii) ക്രോധം ഉപേക്ഷിക്കണമെന്ന് ശ്രീരാമൻ ലക്ഷ്മണനെ ഉപദേശിക്കുന്നത് എന്തുകൊണ്ട്?

(iii) ''പാന്ഥർ പെരുവഴിയമ്പലം തന്നിലേ താന്തരായ് കൂടി വിയോഗം വരുമ്പോലെ" സന്ദർഭമെഴുതി ആശയം വിശദമാക്കുക

**8. ഏതെങ്കിലും രണ്ട് ചോദ്യങ്ങൾക്ക് മാത്രം ഉത്തരമെഴുതുക.** **(2x3=6)**

(i) ബാല്യത്തിൽ ദാരിദ്ര്യം മാറ്റാൻ കുഞ്ഞൻ ചെയ്തുവന്ന ജോലികൾ എന്തെല്ലാം?

(ii) കുഞ്ഞന് 'ചട്ടമ്പി' എന്ന പേര് ലഭിച്ചത് എങ്ങനെ?

(iii) കുഞ്ഞൻപിള്ള സർക്കാർ ഉദ്യോഗസ്ഥനായത് എങ്ങനെ?

***